SUPPLYCO
ESSENTIAL REQUIREMENTS TO THE REACH OF EVERYONE

**The Kerala State Civil Supplies Corporation Limited**
(A fully owned Government of Kerala undertaking)

P.B. No.: 2030
Maveli Bhavan,
Maveli Road,
Gandhi Nagar,
Kochi-682 020
GSTIN:32AAACK6767FHZ5
CIN:U52209KL1974SGC002615

**ഭരണഭാഷ – മാതൃഭാഷ**

**സർക്കുലർ- 14/2021**

**ജി1- 37849/17** **തീയതി.12.08.2021**

വിഷയം:-സപ്ലൈകോ –എസ്ബി– ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ഉൽപ്പന്നമായ 5 Kg എൽ.പി.ജി സിലിണ്ടറുകൾ സപ്ലൈകോ ഔട്ട്-ലെറ്റുകൾ വഴി വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട് – സർക്കുലർ - സംബന്ധിച്ച്.

സൂചന :- ബഹു.സപ്ലൈകോ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ജനറൽ മാനേജരും തമ്മിൽ 26.07.21-ലെ ഉടമ്പടി.

************************

സൂചന പ്രകാരം ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ വിപണിയിലിറക്കിയ 5 Kg എൽ.പി.ജി ഗാർഹിതേര സിലിണ്ടറുകളുടെ (ഛോട്ടു) വിൽപ്പന കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ ഔട്ട്-ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനായി സപ്ലൈകോയും ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ളതാണ്. അതനുസരിച്ച് താഴെ പറയും പ്രകാരം ഉള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ വിപണിയിലിറക്കിയ 5 Kg ഗാർഹിതേര സിലിണ്ടറുകൾ (ഛോട്ടു), (Free Trade LPG Cylinders (FTL) സപ്ലൈകോയുടെ തിരഞ്ഞെടുത്ത സൂപ്പർ മാർക്കറ്റുകളിലൂടെ വിൽപ്പന നടത്തുന്നതാണ്.
2. തിരഞ്ഞെടുത്ത സപ്ലൈകോ ഔട്ട്-ലെറ്റുകളിൽ, തൊട്ടടുത്ത ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ എൽ.പി.ജി. ഔട്ട്-ലെറ്റുകളിൽ നിന്നും പർച്ചേസ് ഓർഡർ നൽകുന്നതനുസരിച്ച് 5 Kg ഛോട്ടു സിലിണ്ടറുകൾ സപ്ലൈകോ ഔട്ട്-ലെറ്റുകളിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ എത്തിച്ചു നൽകുന്നതാണ്.
3. ടി സിലിണ്ടറുകളുടെ വാങ്ങിയവില അതാത് ഔട്ട്-ലെറ്റുകളിൽ നിന്നും ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് ഇൻവോയ്സ് പ്രകാരം നൽകാവുന്നതാണ്.
4. ടി സിലിണ്ടറുകളുടെ വിൽപ്പന വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ അതാത് മാസം നിശ്ചയിച്ച് അറിയിക്കുന്നതാണ്. അത് പ്രകാരം മാത്രം വിൽപ്പന നടത്തേണ്ടതാണ്.
5. ടി സിലിണ്ടറുകൾ ഔട്ട്-ലെറ്റുകളിൽ ഉപഭോക്താക്കൾ കാണത്തക്കവണ്ണം പ്രദർശിപ്പിക്കേണ്ടതും ആവശ്യമായ പരസ്യപ്രചാരണങ്ങൾ നടത്തേണ്ടതുമാണ്.

6. ടി സിലിണ്ടറുകളുടെ Receipt, issue, sale തുടങ്ങിയവയെ സംബന്ധിച്ച് തുടർഉത്തരവുകൾ നൽകുന്നതാണ്.
7. ടി സിലിണ്ടറുകളുടെ സ്റ്റോറേജ്, വിൽപ്പന എന്നിവ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന എല്ലാ നിബന്ധനകളും പാലിച്ച് മാത്രം നടത്തേണ്ടതാണ്.
8. ഛോട്ടു സിലിണ്ടറുകളുടെ വിപണനവുമായി ബന്ധപ്പെട്ട് ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥർക്ക് സപ്ലൈകോ ഔട്ട്-ലെറ്റുകൾ സന്ദർശിക്കാവുന്നതും, ആവശ്യമെങ്കിൽ ഛോട്ടു സിലിണ്ടറുകളുടെ വിതരണവുമായി ബന്ധപ്പെട്ട അക്കൗണ്ട്സുകൾ പരിശോധിക്കാനുള്ള അധികാരം ഉണ്ടായിരിക്കും.

(ഒപ്പ്)

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർ**

**സ്വീകർത്താവ്**

1. **എല്ലാ മേഖലാ മാനേജർമാർക്കും**
2. **എല്ലാ ഡിപ്പോ മാനേജർമാർക്കും**

**പകർപ്പ് :-**

1. **എല്ലാ സപ്ലൈകോ വില്പനശാല ഓഫീസർ ഇൻ ചാർജ്ജുമാർക്കും**
2. **എല്ലാ സപ്ലൈകോ പെട്രോൾ ബങ്ക് ഓഫീസർ ഇൻ ചാർജ്ജുമാർക്കും**
3. **എല്ലാ സപ്ലൈകോ എൽ.പി.ജി ഔട്ട്-ലെറ്റ് ഓഫീസർ ഇൻ ചാർജ്ജുമാർക്കും**
4. **ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, വിജിലൻസ് ഓഫീസർ എന്നിവരുടെ പി.എ -മാർക്ക്**
5. **എ.ജി.എം (പി&എ)**
6. **എ.ജി.എം (മാർക്കറ്റിംഗ്)**
7. **എ.ജി.എം (ഫിനാൻസ്)**
8. **മാനേജർ (എം.ഐ.എസ്)**
9. **സ്റ്റോക്ക് ഫയൽ**

**// അംഗീകാരത്തോടെ//**

**മാനേജർ (എസ് ബി) I/C**